ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഇങ്ങനെ തൊഴിലുടമയുടെ പേരിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചപ്പോൾ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : അങ്ങനെ ആലോചിച്ചിട്ടുണ്ട്. ഉടമയുടെ ഭർത്താവ് മരിച്ചുപോയതുകൊണ്ട് ഇപ്പോൾ പണം കിട്ടുവാൻ നിവൃത്തിയില്ല. അവർ കോടതിയോട് അപേക്ഷിച്ചിരിക്കുകയാണ്. കോടതി വിധി ഉണ്ടായാൽ ഉടനെതന്നെ കൊടുക്കാമെന്ന് സമ്മതിച്ചിരിക്കുകയുമാണ്. അതിലേക്ക് കുറെ സമയം കൊടുത്തിരിക്കുകയാണ്.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ : ഈ കേസ് പിൻവലിക്കുന്നതു് തൊഴിലാളികളുടെ യൂണിയന്റെ അഭിപ്രായം ആരാഞ്ഞുകൊണ്ടോണോ ?

ശ്രീ. കെ. ടി. അച്യുതൻ : അതനുസരിച്ചാണ് കേസ് പിൻവലിക്കാൻ ലേബർ കമ്മീഷണരോട് നിർദ്ദേശിച്ചിരിക്കുന്നതു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : അഭിപ്രായവ്യത്യാസം ഉള്ള തൊഴിലാളികളുടെ പേരിൽ കേസ് എടുക്കുക എന്നതു് ഒരു നയമായി ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ടി. അച്യുതൻ : ഒരിക്കലുമില്ല. പക്ഷേ, അവരുടെ പ്രവർത്തികളുടെ നേരെ കണ്ണുമടച്ചുകൊണ്ട് പോകുവാൻ പ്രയാസമാണ്.

ശ്രീ. ആർ. സുഗതൻ : കൊച്ചിൻ മാലിയബിം കമ്പനിയിലെ ഒരാളെ ഇങ്ങനെ അഭിപ്രായ വ്യത്യാസത്തിന്റെ പേരിൽ പ്രോസിക്യൂട്ട ചെയ്യാൻ പോകുന്നതു തടയുവാൻ ഗവണ്മെന്റ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. കെ. ടി. അച്യുതൻ : ലേബർ മിനിസ്റ്റർ നേരിട്ടു ചെന്നു സംസാരിച്ച് വേണ്ട ഉപദേശം നൽകിയിരിക്കുകയാണ്.

കല്പന തുടർച്ചയായി ലംഘിക്കുന്ന സ്കൂൾ മാനേജർ,

* 854. [15] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു അദ്ധ്യാപികയെ അകാരണമായി പിരിച്ചുവിടുകയും അവരെ തിരിച്ചെടുക്കാൻ ഡിപ്പാർട്ടുമെന്റും ഹൈക്കോടതിയും ആജ്ഞാപിച്ചിട്ടും ഇന്നിയും നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന കോഴിക്കോട് ജില്ലയിലെ കാച്ചിലാട്ടു യു. പി. സ്കൂൾ മാനേജരുടെ പേരിൽ കർശന നടപടികളെടുക്കാത്തതെന്തുകൊണ്ട് ;

(ബി) ഈ സ്കൂളിന്റെ അംഗീകാരം പിൻവലിച്ച് മറ്റാർക്കെങ്കിലും പുതുതായ അംഗീകാരം കൊടുക്കുകയോ ഗവണ്മെന്റ് നേരിട്ട് മാനേജ്മെന്റ് ഏറ്റെടുക്കുകയോ ചെയ്യാനുള്ള സത്വര നടപടികളെടുക്കാൻ ദയവുണ്ടാകുമോ ;

(സി) ഈ സ്കൂളിലെ ആകെ ടീച്ചർമാർ, വിദ്യാർത്ഥികൾ, സ്കൂൾസ്ഥല സൗകര്യം ഇവയെത്ര ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) കോടതി വിധിയനുസരിച്ച് ഡിപ്പാർട്ടുമെന്റ് നടപടി കൈക്കൊണ്ടു തുടങ്ങി മാനേജർ ഹൈക്കോടതി ഡിവിഷൻ ബഞ്ചിൽ ഉടൻതന്നെ അപ്പീൽ ബോധിപ്പിച്ചു. അതിനാൽ ഡിപ്പാർട്ടുമെന്റ് തൽക്കാലം നടപടി നിറുത്തിവച്ചു, ഹൈക്കോടതിയുടെ അപ്പീൽ വിധിയനുസരിച്ച് നടപടികൾ വീണ്ടും തുടങ്ങുന്നതാണ്.

(ബി) 'എ' ഉത്തരത്തിന്റെ വെളിച്ചത്തിൽ മറ്റു നടപടികൾ ഉടനെ തുടരാവുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) 1961–62-ൽ ആകെ ടീച്ചർമാർ 21. ആകെ വിദ്യാർത്ഥികൾ 698. സ്ത്രീ സ്ഥല സൗകര്യത്തെപ്പറ്റിയും, അദ്ധ്യാപക വിദ്യാർത്ഥികളുടെയും ഇപ്പോഴത്തെ സംഖ്യയെപ്പറ്റിയും ഉള്ള വിവരം ലഭിച്ചിട്ടില്ല.

ശ്രീ. പി സി. രാഘവൻ നായർ : ഇതേ അദ്ധ്യാപകനെ അന്നത്തെ മാനേജർ 1958–ൽ പിരിച്ചുവിടുകയും ഡിപ്പാർട്ടുമെന്റു ആ മാനേജർ അയോഗ്യനാണെന്നു കണ്ടുപിടിച്ചു അദ്ധ്യാപകനെ തിരിയെ എടുക്കുകയും ചെയ്ത ശേഷം ഈ മാനേജരുടെ അയോഗ്യത മാറിയശേഷം വീണ്ടും ഈ അദ്ധ്യാപകനെ പിരിച്ചുവിടുകയാണു് ഉണ്ടായിട്ടുള്ളതെന്നു അറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

ശ്രീ. പി. നാരായണൻ തമ്പി : റിട്ട ആപ്ലിക്കേഷൻ കൊടുത്തതിനുമേൽ വല്ല സ്റ്റേയും വന്നിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ഗവണ്മെൻറിനെ പ്രതിയാക്കി കേസു് കൊടുക്കുകയും, ഗവണ്മെൻറിനു നോട്ടീസു് കൊടുക്കുകയും ചെയ്യാൽ സാധാരണ ഗതിയിൽ സ്റ്റേയുടെ ഫലം തന്നെ ലഭിക്കുന്നതാണു്.

പ്രൈമറി സ്ത്രീഅദ്ധ്യാപകരുടെ വാർഷിക ഇംക്രിമെൻറു്.

* 855. [17] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1959-ലും അതിനുശേഷവും നിയമിതരായ പ്രൈവറ്റു പ്രൈമറി സ്ത്രീ അദ്ധ്യാപകന്മാർക്കു് 22–6–1962-ാം തീയതിക്കു ഒരു വാർഷിക ഇംക്രിമെൻറു മാത്രമേ കൊടുക്കാൻ പാടുള്ളൂ എന്നു കാണിച്ചുകൊണ്ടു് ഗവണ്മെൻറിൽനിന്നും വല്ല കല്പനയും കൊടുത്തിട്ടുണ്ടോ ;

(ബി) 1959 മുതൽ വാങ്ങിയ ഇംക്രിമെൻറു് തിരിച്ചു് അടച്ചുകൊള്ളേണ്ടതാണെന്നും ഇപ്പോൾ കല്പനയായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്താണു് കാരണം ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) സ്ഥിരപ്പെടുത്തിയിട്ടില്ലാത്ത അദ്ധ്യാപകന്മാർക്കു ഒരു കൊല്ലത്തെ സർവ്വീസിനുശേഷം ഇംക്രിമെൻറു കൊടുക്കാവുന്നതാണെന്നു ഉത്തരവു കൊടുത്തിട്ടുണ്ടു്.

(ബി, സി) അനധികൃതമായി വാങ്ങിയിട്ടുള്ള ഇംക്രിമെൻറു തിരിച്ചു കൊടുക്കേണ്ടതാണു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : 1959 മുതൽ ജോലിയിൽ ഉണ്ടായിരിക്കുകയും സ്ഥിരപ്പെടുത്തുകയും ചെയ്തിട്ടുള്ള അദ്ധ്യാപകരുടെ അവർ വാങ്ങിയിട്ടുള്ള ഇംക്രിമെൻറു മടക്കി കൊടുക്കുന്നതിൽനിന്നു അവരെ ഒഴിവാക്കാമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : 59-ൽ സ്ഥിരപ്പെടുത്തിയിട്ടുള്ളവർക്കു ഇതു മടക്കി കൊടുക്കേണ്ടി വരികയില്ല. കാരണം ആണ്ടോടാണ്ടു temporary വേക്കൻസി ഉണ്ടാകുകയും ആ കാരണത്താൽ കൺഫേം ചെയ്യാതിരിക്കുകയും ചെയ്ത പ്രൈവറ്റു സ്കൂൾ എയിഡഡു് സ്കൂൾ അദ്ധ്യാപകന്മാരെ സംബന്ധിച്ചാണു് ഇതു ബാധകമായിട്ടുള്ളതു്.

ശ്രീ. മൊഹ്സിൻബിൻ അഹമ്മദു് : കോഴിക്കോട്ടു് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഇംക്രിമെൻറു് കൊടുക്കുവാൻ പാടില്ലെന്നും അതേ യവസരത്തിൽ എറണാകുളം ഡയറക്ടർ ഇൻക്രിമെൻറു കൊടുക്കുവാനും കൽപ്പന പുറപ്പെടുവിച്ചിട്ടുള്ള കാര്യം ഗവണ്മെൻറിനറിയാമോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : അങ്ങനെ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല. ഇതിനെപ്പറ്റി ഗവണ്മെൻറു വളരെ വ്യക്തമായ ഉത്തരവു കൊടുത്തിട്ടുണ്ടു്. അതനുസരിച്ചു ഉദ്യോഗസ്ഥന്മാർ പ്രവർത്തിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly